LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ജലഗതാഗതവകുപ്പിന്റെ എല്ലാ ജലയാനങ്ങളും Kerala Inland Vessel Rules 2010 (KIV) അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് സർവ്വീസ് നടത്തിവരുന്നത്. വകുപ്പുവക ബോട്ടുകളിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നീ സുരക്ഷാ ഉപകരണങ്ങളും എല്ലാ യാത്രികർക്കും ലൈഫ് ജാക്കറ്റും സജ്ജീകരിച്ചിട്ടുണ്ട്. ബോട്ട് യാത്രക്കാർക്കും, ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും ബോട്ടുകൾക്ക് തേർഡ്പാർട്ടി ഇൻഷ്വറൻസും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിന്റെ എല്ലാ ബോട്ടുകളും സർവ്വീസ് നടത്തിവരുന്നത്.

(ബി&സി) ഇല്ല. ഇറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച ബോട്ടുകൾ മാത്രമാണ് സർവ്വീസ് നടത്തിപ്പിന് ഉപയോഗിക്കുന്നത്. വകുപ്പിന് രണ്ട് യാർഡുകളാണ് നിലവിലുള്ളത്. ടി യാർഡുകൾ നവീകരിച്ച് - മൈനർ അറ്റകുറ്റപ്പണികൾ വകുപ്പ് സ്വന്തം നിലയിൽ ചെയ്തുവരുന്നുണ്ട്. മേജർ റിപ്പയറുകൾക്കായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ കേരളത്തിൽ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയുടെയും പണികൾ പൂർത്തീകരിച്ച് വരികയാണ്. റിപ്പയർ വിഭാഗത്തിൽ വിവിധ കാറ്റഗറികളിലായി പുതിയതായി 20 തസ്തികകൾ അനുവദിച്ച് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫയൽ നീക്കത്തിലെ കാലതാമസം

10(*610) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽപ്പോലും ഫയൽ നീക്കത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇ-ഫയലിങ്ങും അനുബന്ധമായ മറ്റ് പ്രഖ്യാപനങ്ങളും പൂർണ്ണമായും നടപ്പിലാവുന്നില്ലെന്ന് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സെക്രട്ടേറിയറ്റിൽ ഒരു സെക്ഷനിൽ നിന്ന് മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു ഫയൽ എത്താൻ എടുക്കുന്ന സമയം പൊതുവിൽ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽ ഫയൽനീക്കം ത്വരിതഗതിയിലാണ് നടക്കുന്നത്. ഓൺലൈനായി ഫയൽനീക്കം നടത്താൻ കഴിയുമെന്നതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇത്തരം വകുപ്പുകളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിയമപരവും സാങ്കേതികവുമായും തടസ്സമുള്ള ഫയലുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ ഇത്തരം ഫയലുകളൊഴികെ നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിൻന്മേലും പരാതികളിന്മേലും സമയ പരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കാറുണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ ഘട്ടം ഘട്ടമായി ഇ-ഓഫീസ് നടപ്പാക്കാനാണ് തീരുമാനം. ഇപ്പോൾ സെക്രട്ടേറിയറ്റിലെ 19 വകുപ്പുകളിൽ പൂർണ്ണമായോ ഭാഗീകമായോ ഇ-ഓഫീസ് നടപ്പാക്കിക്കഴിഞ്ഞു. മറ്റ് വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ പരിശോധനയ്ക്കായി ഒരു ഫയൽ അയയ്ക്കുമ്പോൾ ഫയലിലെ വിഷയം, അനുബന്ധ രേഖകൾ, വസ്തുതകൾ എന്നിവ വളരെ വിശദമായും വസ്തുനിഷ്ഠമായും വകുപ്പിലെ ചുമതലപ്പെട്ട ഓരോ ഉദ്യോഗസ്ഥനും പരിശോധിച്ചതിനുശേഷം മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായ സമയം മാത്രം വിനിയോഗിക്കുന്നുണ്ട്. എന്നാൽ വളരെ അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ അന്നുതന്നെ എത്തിക്കുവാൻ വകുപ്പുകൾ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട് സെക്ഷനിൽനിന്നും ഫയൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തുന്ന സമയം കൃത്യമായി നിജപ്പെടുത്തുവാൻ കഴിയുകയില്ല.

ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ

11(*611) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആഫീസുകളിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിന് ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ ; എങ്കിൽ സർക്കാരാഫീസുകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly